# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.405 20.03.2018 ൽ മറുപടിയ്ക്ക്

**<u>സെക്കൻഡ്ഹാൻഡ് വാഹനവിപണി</u>**

| ചോദ്യം<br><br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | മറുപടി<br><br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സെക്കൻഡ്ഹാൻഡ് വാഹനവിപണി രംഗത്ത് ആദ്യ ഉടമസ്ഥൻ വാഹന കൈമാറ്റം നടത്തിയ ശേഷം ഉടമസ്ഥാവകാശത്തിന് പരാതി ഉന്നയിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | സെക്കൻഡ്ഹാൻഡ് വാഹനം കൈമാറ്റം നടത്തിയശേഷം ഉടമസ്ഥാവകാശത്തിന് പരാതി ഉന്നയിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ വാഹനം വിൽക്കുമ്പോൾ 14 ദിവസങ്ങൾക്കകം വാങ്ങിയ ആളുടെ സ്ഥലത്തെ രജിസ്റ്ററിംഗ് അധികാരിയേയും വാഹനം വിറ്റ ആളിന്റെ സ്ഥലത്തെ രജിസ്റ്ററിംഗ് അധികാരിയേയും ഫാറം29-ൽ വിറ്റ വിവരം അറിയിക്കേണ്ടതാണ്. വാഹനം വാങ്ങി 30 ദിവസത്തിനകം വാങ്ങിയ ആൾ പേര് മാറ്റുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ പെർമിറ്റ് നൽകിയ അധികാരിയുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വിൽക്കുവാനോ വാങ്ങുവാനോ പാടില്ല. |
| (ബി) | ആയതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കാത്തതുവഴി ഒരു വാഹനം ആദ്യ ഉടമസ്ഥൻ രണ്ടാമന് കൈമാറുകയും അയാൾ മൂന്നാമന് കൈമാറി കഴിഞ്ഞതിനുശേഷവും ആദ്യ ഉടമസ്ഥന് വാഹനം കൈവശപ്പെടുത്താനുള്ള നിയമസാധ്യത നിലനിൽക്കുന്നത് വ്യാപകമായ ക്രമക്കേടുകൾക്ക് സാഹചര്യമൊരുക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 55 പ്രകാരം വാഹനം വിറ്റ ആൾ വാങ്ങിയ ആളിന്റെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വാഹനക്കൈമാറ്റം നടത്തുന്നതുകൊണ്ടാണ് വാഹനം വിറ്റതിനുശേഷവും ആദ്യ ഉടമസ്ഥന് വാഹനം കൈവശപ്പെടുത്താനുള്ള നിയമസാധ്യത നിലനിൽക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇത് ഒഴിവാക്കുന്നതിനും സെക്കൻഡ്ഹാൻഡ് വാഹനവിപണി നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ? | (സി) | സെക്കൻഡ് ഹാൻഡ് വാഹന വിപണി നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. വാഹനം വാങ്ങിയ ആളുടെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റേണ്ടതിന്റെ ഉത്തരവാദിത്തം വാഹനം വിറ്റ ആൾക്കാണെന്ന് പത്ര മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരണം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ